## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3851 24.06.2014-ൽ മറുപടിക്ക്.**

**തകർന്ന ചിട്ടിക്കമ്പനികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ.കെ.എം.മാണി. (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ കേരളത്തിൽ എത്ര ചിട്ടിക്കമ്പനികളാണ് തകർന്നതെന്ന് അറിയിക്കുമോ; | (എ) | പോലീസ് നടത്തിയ അന്വേഷണത്തിൽ 2012-13 സാമ്പത്തിക വർഷം 19 ചിട്ടിക്കമ്പനി കളും 2013-14 സാമ്പത്തിക വർഷം 72 ചിട്ടിക്കമ്പനികളും തകർന്നതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ അനധികൃത ചിട്ടി നടത്തിപ്പ് സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി രജിസ്ട്രേഷൻ വകുപ്പ് നടത്തിയ പരിശോധനയിൽ 14 കമ്പനികൾ പ്രവർത്തനമില്ലാതെ പൂട്ടിക്കിടക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇവയിൽ നിക്ഷേപം നടത്തിയ ജനങ്ങൾക്ക് എത്ര രൂപയാണ് നഷ്ടപ്പെട്ടതെന്ന് അറിയിക്കുമോ; | (ബി) | 2012-13 സാമ്പത്തിക വർഷം 1,13,24,459 രൂപയും (വയനാട് ജില്ല ഒഴികെ) 2013-14 സാമ്പത്തിക വർഷം 15,98,68,597 രൂപയും നഷ്ടപ്പെട്ടതായി പോലീസിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഇത്തരം വ്യാജ ചിട്ടിക്കമ്പനികളെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിരോധിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | വ്യാജ ചിട്ടികളെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അവർക്കെതിരെ ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനുമായി രജിസ്ട്രേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ ചിട്ടിസ്ഥാപനങ്ങളിൽ പോലീസ് സഹായത്തോടെയും അല്ലാതെയും പരിശോധന നടത്തുകയും പല സ്ഥാപനങ്ങളിൽ നിന്നും അനധികൃത ചിട്ടികൾ നടത്തുന്നതിന്റെ രേഖകൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ 1982-ലെ ദി ചിറ്റ് ഫണ്ട്സ് ആക്ടിനും 2012ലെ റൂളിനും വിധേയമായി നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ സംസ്ഥാനത്ത് വ്യാജ ചിട്ടികൾ നിയന്ത്രിക്കുന്നതിന് ശക്തമായ പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന-ജില്ലാതല മോണിറ്ററിംഗ് |

| | | | |
|---|---|---|---|
| | | | കമ്മിറ്റികൾ രൂപീകരിച്ച് പരിശോധന സംബന്ധിച്ച പ്രവർത്തനങ്ങൾ വിലയിരുത്തി വരുന്നു. വ്യാജ ചിട്ടികളെ സംബന്ധിച്ച് മാധ്യമങ്ങൾ വഴി പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**